**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 418** **10-02-2025 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുതുക്കാട് മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും ആയവ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ; | (എ) | കിഫ്ബി ധനസഹായത്തോടുകൂടി പുതുക്കാട് നിയോജക മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പുതുക്കാട് റെയിൽവേ ഓവർബ്രിഡ്ജ്, കൊടകര-വെള്ളിക്കുളങ്ങര-കോടാലി റോഡ്, പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, പള്ളിക്കുന്ന്-പാലപ്പിള്ളി റോഡ്, മലയോര ഹൈവേ വിളങ്ങന്നൂർ-വെള്ളിക്കുളങ്ങര റീച്ച് തുടങ്ങിയ പ്രവൃത്തികൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | **i) പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജ്**<br><br>പുതുക്കാട് ആർ.ഒ.ബി ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുള്ളതും റെയിൽവേയുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗിന് റെയിൽവേ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ആർ ബി ഡി സി കെ യാണ് പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസി. 31.01.2025 ന് കൂടിയ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബി അംഗീകരിച്ച തുകയേക്കാൾ കൂടുതൽ ആണ്. ഭൂമി ഏറ്റെടുക്കലിന്റെ ചിലവും പുതുക്കിയ എസ്റ്റിമേറ്റും കിഫ്ബി അംഗീകരിച്ച തുകയേക്കാൾ കൂടുതൽ ആയതിനാൽ കിഫ്ബിയിൽ നിന്നും പുതുക്കിയ സാമ്പത്തിക അനുമതി ആവശ്യമാണ്. പുതുക്കിയ സാമ്പത്തികാനുമതിക്കായി സമർപ്പിക്കേണ്ട രേഖകൾ ആർ.ബി.ഡി.സി.കെ തയ്യാറാക്കി കൊണ്ടിരിക്കുകയാനിന്നും ഇത് 10 ദിവസത്തിനുള്ളിൽ കിഫ്ബിയിൽ സമർപ്പിക്കുമെന്നും ആർ ബി ഡി സി കെ അറിയിച്ചിട്ടുണ്ട്. പുതുക്കിയ സാമ്പത്തികാനുമതിക്കുള്ള പ്രൊപ്പോസൽ ആർ ബി ഡി സി കെ സമർപ്പിക്കുന്ന മുറക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ് |

**ii) കൊടകര വെള്ളികുളങ്ങര കോടാലി റോഡ്**

കൊടകര വെള്ളികുളങ്ങര കോടാലി റോഡ് പ്രവൃത്തിക്ക് 30-05-2018 ന് 20.78 കോടി രൂപയുടെ കിഫ്ബി സാമ്പത്തിക നൽകിയിട്ടുണ്ട്. കെ ആർ എഫ് ബി യാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. ഈ പ്രവൃത്തി നടപ്പിലാക്കുന്നതിന് 12-11-2019 തീയതി കരാറുകാരനുമായി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. എന്നാൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കാതെ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കരാറുകാരന്റെ ആവശ്യാനുസരണം 24-11-2021 തീയതിയിൽ കരാർ റദ്ദ് ചെയ്യുകയുണ്ടായി. തുടർന്ന്, ഭൂമി ഏറ്റെടുക്കുന്നതിനും വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി മാറ്റുന്നതിനുമുള്ള എസ്റ്റിമേറ്റ് ഉൾപ്പെടുത്തി 06-10-2023 തീയതിയിൽ 24.05 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി അതിർത്തി കല്ലിടൽ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

നിലവിൽ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള റിക്വിസിഷൻ ബഹു. ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പൊന്നും വില അധികാരിയെ നിയമിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടറേറ്റിൽ സ്വീകരിച്ചു വരുന്നു. പൊന്നും വില അധികാരിയെ നിയമിച്ചതിനു ശേഷം ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി 6 (1), 4(1), 11 (1), 19(1), അവാർഡ് പ്രഖ്യാപനം എന്നിവ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നു കെ ആർ എഫ് ബി അറിയിച്ചിട്ടുണ്ട്.

**iii) പുതുക്കാട് - മുപ്ലിയം കോടാലി റോഡ്**

പുതുക്കാട് മുപ്ലിയം കോടാലി റോഡിന് 15/02/2020 ൽ 59.20 കോടി രൂപയുടെ കിഫ്ബി സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. കെ ആർ എഫ് ബി യാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി . പ്രസ്തുത പ്രവൃത്തിയുടെ ആദ്യ 9.2 കിലോമീറ്റർ (CH 0/000 മുതൽ CH 09/200 വരെ) 9 മീറ്റർ വീതിയിൽ, ഫ്രീ സറണ്ടർ ആയി എഫ്.ഡി.ആർ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്ന പ്രസ്തുത പ്രവർത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതായി കെ ആർ എഫ് ബി അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 9 കിലോമീറ്റർ വന ഭൂമി ആയതിനാൽ

| | | | |
|---|---|---|---|
| | | | വനം വകുപ്പിന്റെ അനുമതി ലഭിച്ചാൽ മാത്രമേ ഏറ്റെടുക്കലുമായി മുന്നോട്ട് പോകുവാൻ കഴിയുകയുള്ളു.<br><br>**iv) പള്ളിക്കുന്ന് ചിമ്മിനി ഡാം റോഡ്**<br><br>പള്ളിക്കുന്ന് ചിമ്മിനി ഡാം റോഡിനു 06/08/2020 ൽ 39.49 കോടി രൂപയുടെ കിഫ്ബി സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. കെ ആർ എഫ് ബി യാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. ഈ പ്രവൃത്തിയിൽ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിലവിൽ സ്ഥലമേറ്റെടുക്കുന്നതിന്റെ ഭാഗമായുള്ള 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാമൂഹ്യാഘാത പഠനത്തിന്റെ ഭാഗമായുള്ള പബ്ലിക് ഹിയറിങ് പൂർത്തീകരിച്ചിട്ടുണ്ട്. ആയതിനാൽ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കെ ആർ എഫ് ബി അറിയിച്ചിട്ടുണ്ട്.<br><br>**(v) മലയോര ഹൈവേ- വിളങ്ങന്നൂർ മുതൽ വെള്ളികുളങ്ങര വരെ**<br><br>മലയോര ഹൈവേ റോഡിന് 10-07-2017 തീയതിയിലെ G.O(Rt)No.942/2017/PWD ഉത്തരവ് പ്രകാരം 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. ഇതിൽ പുതുക്കാട് മണ്ഡലത്തിൽ വരുന്ന മലയോര ഹൈവേയുടെ ഭാഗമായ വിളങ്ങന്നൂർ വെള്ളികുളങ്ങര റോഡിന് 20-03-2022-ൽ 136.499 കോടി രൂപയുടെ കിഫ്ബി സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. കെ ആർ എഫ് ബി യാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമേറ്റെടുക്കുന്നതിന്റെ ഭാഗമായുള്ള അതിർത്തി കല്ലിടൽ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ആയതിനാൽ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കെ ആർ എഫ് ബി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ